# വായനക്കാർക്കുള്ള കുറിപ്പ്

"യജമാനനെ കണ്ടെത്തുക" എന്നതു രൂപപ്പെടുത്തിയിരിക്കു ന്നതു എല്ലാ ഞായറാഴ്ചയും പ്രഭാതപഠനത്തിൽ, യുവാക്കൾക്കും പ്രായമായവർക്കും ഉപയോഗിക്കുന്നതിനായിട്ടാണ്. ഞായറാഴ്ച കാലത്തുള്ള സുവിശേഷ പ്രസംഗവുമായി ഇതിനെ വേണ്ട വിധത്തിൽ ഇണക്കി ചേർക്കാം.

ഈ പദ്ധതി വികാസം പ്രാപിച്ചതു ടെക്സാസിലെ ക്ലെബണിൽ, ഉള്ള സെൻട്രൽ ചർച്ച് ഓഫ് ക്രൈസ്റ്റിൽ ആണ്. അവിടെയുള്ള യുവാക്കൾക്കും പ്രായമുള്ളവർക്കും ഒരു വർഷം കൊണ്ടു, ബൈബിൾ മുഴുവൻ ഉൾപ്പെടുത്തി ക്ലാസ്സുകൾ നടത്തിയതിനുശേഷം ഞങ്ങൾ ക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ചു പഠനം നടത്തുവാൻ അടുത്ത വർഷം വിനിയോഗിക്കുകയായിരുന്നു. വിവിധ വസ്തുതകൾ പുനരവലോകനം ചെയ്തശേഷം യേശുവിന്റെ ജീവിതം – അവന്റെ ആരംഭം മുതൽ ആരോഹണംവരെ കാലക്രമമനുസരിച്ചു പഠനം നടത്തുവാൻ ഞങ്ങൾ തീരുമാനിച്ചു. ഈ പഠനത്തിനു അടി സ്ഥാനപരമായി, ഞങ്ങൾ സ്വീകരിച്ചതു ജെ.ഡബ്ലിയു. മെക്ഗാർവയുടെ ശ്രേഷ്ഠകൃതിയായ *സുവിശേഷത്തിലെ നാലു ഭാഗങ്ങൾ* ആണ്. നാലു സുവിശേഷ വിവരണങ്ങളുടെ യോജിപ്പും സന്ദർ ഭത്തെക്കുറിച്ചുള്ള പരാമർശവും അടങ്ങുന്നതാണ് ഈ വാല്യം.

സുവിശേഷങ്ങളുടെ യോജിപ്പിനായി മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നിവയിലെ എല്ലാ വസ്തുതകളും കാലാനുസൃതമായി എടുത്തു. ചില നിലയിൽ ഇതു അസാദ്ധ്യമായ ഒരു പ്രവൃത്തിയാണ്, കാരണം ഈ നാലു സുവിശേഷങ്ങളുടേയും എഴുത്തുകാരുടെ ഉദ്ദേശം യേശുവിന്റെ ജീവചരിത്രം, ക്രമമനുസരിച്ചു പരാമർശിക്കുക എന്നതായിരുന്നില്ല മറിച്ചു അവന്റെ ജീവിതത്തിലെ വസ്തുതകൾ ക്രമീകരിച്ചു അവൻ ദൈവപുത്ര നാണെന്നും രക്ഷയുടെ ഏകപ്രത്യാശ അവനാണെന്നും ആളുകളെ ബോധ്യപ്പെടുത്തുക എന്നതായിരുന്നു. ഒരു യോജിപ്പും 100 ശതമാനം പൂർണ്ണത അവകാശപ്പെടാവുന്നതല്ല. പക്ഷേ *സുവിശേഷത്തിലെ നാലു ഭാഗങ്ങൾ,*

എങ്ങനെയായാലും, വിവരണങ്ങളുടെ യോജിപ്പ് ഉൽകൃഷ്ടവും അംഗീകരിക്കത്തക്കതുമാണ്. ഓരോ അദ്ധ്യാപകനും ഓരോ പ്രതി വാങ്ങി ക്ലാസ്സുകളിലെ വിദ്യാർത്ഥികളെയും ഉദ്ദേശിച്ചു ഓരോ പ്രതി അവർക്കായി വാങ്ങുവാൻ പ്രോത്സാഹിപ്പിച്ചു.

ഇത്തരം പദ്ധതിയുടെ മുഖ്യ ഉദ്ദേശങ്ങളിലൊന്ന് വ്യക്തി പരമായ ബൈബിൾ വായനയും പഠനവും വളർത്താൻ പ്രോത്സാ ഹിപ്പിക്കുക എന്നതാണ്. വായനയ്ക്കും പഠനത്തിനും ഒരു പദ്ധതി ആവിഷ്കരിക്കാൻ, ഞാൻ *നാലു സുവിശേഷങ്ങളുടെ തലവാചകങ്ങൾ* ഉപയോഗിച്ചു അവിടെയും ഇവിടെയും ചില മാറ്റങ്ങൾ വരുത്തി ക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ചു ഒരു രൂപരേഖ തയ്യാറാക്കി, പിന്നീട് സന്ദർഭത്തെ വിഭജിച്ചു. തൽഫലമായി ഓരോ ആഴ്ചയിലും ഭരമേല്പിച്ചു കൊടുക്കുന്ന ചുമതലയിൽ ഒത്തു വാകൃങ്ങൾ തുല്യമാക്കപ്പെട്ടു.

ഏതാനും നിമിഷങ്ങൾ എടുത്തു ഈ പരിപാടി നോക്കുക. ഇതിൽ 48–ആഴ്ചകളാണ് ഉള്ളത്. നാലു ആഴ്ചകൾ വിട്ടിരിക്കുന്നതു നാലു സുവിശേഷയോഗങ്ങൾക്കും അതിഥി പ്രസംഗകർക്കും വേണ്ടിയാണ്. അതുപോലെ വർഷത്തിൽ പലപ്രാവശ്യം പ്രത്യേകം വിഷയം ലഭിച്ചേക്കാം. പുതിയ വായനയ്ക്കുള്ള ചുമതല കാണുക യുമില്ല. അതുകൊണ്ടാണ് സെൻട്രൽ ചർച്ചിലെ മൂപ്പന്മാർ ഇതാവ ശ്യപ്പെട്ടതു, ക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ചുള്ള പഠനത്തെ ബാ ധിക്കാതെ തന്നെ മറ്റു വിഷയങ്ങളെക്കുറിച്ചും ചർച്ച ചെയ്യുവാൻ വേണ്ടിയാണ്. തെരഞ്ഞെടുത്തിരിക്കുന്ന വിഷയങ്ങൾ മുൻപോ; പിൻപോ ഒരാഴ്ചയ്ക്കു ഭരമേല്പിച്ചിട്ടുള്ള വായനയുമായി ബന്ധപ്പെട്ടതാണ്. അവ പൊതുവായ വിഷയമായ ക്രയവിചാരണ എന്നതാണ്. മൂപ്പന്മാർ ഈ പഠനവിഷയം മുൻകൂട്ടി തയ്യാറാക്കി പരസ്യമായി അറിയിക്കുന്നതു അദ്ധ്യാപകർ അതു തീർക്കുവാൻ വേണ്ടിയാണ്. വിദ്യാർത്ഥികൾ ഈ പ്രത്യേക ആഴ്ചകളിൽ അവരുടെ വായന, പുറകിലാണെങ്കിൽ ഒപ്പമെത്താനും പ്രോത്സാഹിപ്പിക്കുകയാണ്. നിങ്ങൾ സ്വയമായി വിഷയ വിശദീകരണം തയ്യാറാക്കുകയാണെങ്കിൽ, ഈ പ്രത്യേക ആഴ്ചകളിൽ പുനർവിഭജനം നടത്തി നാല്പത്തി – എട്ട് ആഴ്ചകൾ മുഴുവൻ എടുത്തു മൂലഗ്രന്ഥം മുഴുവൻ തീർക്കുവാൻ കഴിയും.

ബാഹ്യ രൂപരേഖയിന്മേൽ: ഒരു കുറിപ്പു കൂടെ വായനക്കായി ഭരമേല്പിച്ചിരിക്കുന്ന ആഴ്ചകൾക്കുള്ളതിൽ 38ഉം 39ഉം യോജി ച്ചിരിക്കുന്നു. മൂലഗ്രന്ഥത്തിൽ വിഭജിക്കത്തക്ക സ്ഥാനം കാണാൻ കഴിയാത്തതുകൊണ്ടാണ് ഞാൻ ഇങ്ങനെ ചെയ്തതു. ഞങ്ങളുടെ അദ്ധ്യാപകരെ ഉത്തേജിപ്പിച്ചതു കഴിവതും പാഠ്യപദ്ധതിയുടെ പകു തി ഒരാഴ്ച കൊണ്ടും മറ്റേ പകുതി അടുത്ത ആഴ്ചയിലും തീർക്കു ന്നതിനായിരുന്നു.

വ്യക്തിപരമായ പഠനത്തെ, പ്രോത്സാഹിപ്പിക്കുവാൻ ഞാൻ തയ്യാറാക്കിയ ക്രിയയ്ക്കുള്ള ഷീറ്റിന്റെ പകർപ്പെടുത്തു ക്ലാസ്സിലെ വിദ്യാർത്ഥികൾക്കു ഉപയോഗിക്കുന്നതിനു വിതരണം ചെയ്യാറുണ്ട്. ആ ഷീറ്റുകൾ ഈ തല വാചകങ്ങൾ ഉള്ളവയാണ്: (1) "മൂലഗ്രന്ഥം: ഈ ആഴ്ചയിൽ ഞാൻ വായിക്കുന്ന വേദഭാഗങ്ങൾ"; (2) "ചോദ്യങ്ങൾ: ഈ വേദഭാഗങ്ങളിൽ എനിക്കു മനസ്സിലാക്കാൻ കഴിയാത്ത എന്തെങ്കിലും"; (3) "എന്റെ വായന 'യജമാനനെ കണ്ടെത്തുവാൻ': എങ്ങനെ സഹായിച്ചു"; (4) "പ്രയോഗം: യജമാനനെ പോലെ ആയി തീരുവാൻ ചെയ്യേണ്ടതായ ഒരു കാര്യം (ഈ വേദഭാഗം പഠിപ്പിക്കുന്നതു പോലെ)'' ഓരോ വായനയ്ക്കുശേഷം, വിദ്യാർത്ഥികൾക്കു എഴുതുവാൻ അല്പം സ്ഥലം വിട്ടിട്ടുണ്ട്. ഭരമേല്പിച്ചിരിക്കുന്ന വായനാ, ചുമതല, എല്ലാവരും വായിച്ച് അവയെ കുറിച്ചു ചിന്തിച്ചു ഷീറ്റുകൾ പൂരിപ്പിച്ചു ക്ലാസ്സിൽ കൊണ്ടുവരുവാനും എല്ലാ വിദ്യാർത്ഥികളോടും ആവശ്യപ്പെടു കയുണ്ടായി (കുടുംബമായിട്ടുള്ളവർ വായനാ ചുമതല അവരുടെ ദിവസേനയുള്ള ധ്യാനത്തിൽ ഉൾപ്പെടുത്തി ഒരുമിച്ചു ഈ ഷീറ്റുകൾ പൂരിപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്).

അദ്ധ്യാപകർക്കും, വാക്യം വാക്യമായി ധാരാളം പാഠ്യവി ഷയങ്ങൾ തീർക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ടു ഞാൻ അവരോടു നിർദ്ദേശിച്ചതു ഓരോ ആഴ്ചയിലും അവർ പെട്ടെന്നു *നിരീക്ഷണം* നടത്തുവാനാണ്, പിന്നെ അവരുടെ സമയം അധികവും വായനയ്ക്കു ഭരമേല്പിച്ച *ഏതാനും* വാക്യങ്ങൾ തിരഞ്ഞെടുക്കുന്നതിലായിരിക്കണം ചെലവിടേണ്ടതു. എന്റെ ക്ലാസ്സിലെ വിവാഹിതരായ യുവദമ്പതിമാർക്കു, അവരുടെ ഷീറ്റുകളിലുള്ളതു, അവരുടെ ചോദ്യങ്ങൾ അടക്കം പങ്കിടുവാൻ അവസരം കൊടുക്കാറുണ്ട്. ഇതു പലപ്പോഴും ഒന്നുകിൽ ക്ലാസ്സ് സമയം മുഴുവനോ അല്ലെങ്കിൽ ഭൂരിഭാഗം സമയമോ നല്ല ചർച്ചകൾക്കുള്ള വേദിയായി ഭവിക്കാറുണ്ട്.

ഓരോ ആഴ്ചയിലേയും വായനയ്ക്കു ഭരമേല്പിച്ചതുമായി ബന്ധപ്പെട്ടതായിരുന്നു ഞായറാഴ്ച രാവിലത്തെ എന്റെ പ്രസംഗങ്ങൾ. ഞായറാഴ്ച രാത്രിയിലെ പ്രസംഗവിഷയവും അതു തന്നെയായിരുന്നു (ചിലപ്പോൾ ഞായറാഴ്ച രാത്രിയിൽ പ്രസംഗിച്ചതു അതുരാവിലെ പ്രസംഗിച്ചതിന്റെ തുടർച്ചയായിരിക്കും). ബുധനാഴ്ച രാത്രിയിലെ ക്ലാസ്സുകൾ അധികവും വർഷം മുഴുവൻ ഊന്നൽ കൊടുത്തുള്ളതായിരുന്നു. ഉദാഹരണത്തിനു, ഒരു മദ്ധ്യവാര ക്ലാസ്സിനുള്ള വിഷയം ഗിരിപ്രഭാഷണം, അടുത്ത ക്ലാസ്സിൽ വേറൊരാൾ യേശുവിന്റെ ഉപമകളിൽ ഒന്നു ബുധനാഴ്ച രാത്രി എടുക്കും.

സഭയിലെ വലിയ ആവശ്യങ്ങളിൽ ഒന്നാണ് നാം ഓരോരു ത്തരും യേശുവിനെ പോലെയായിത്തീരുക എന്നത്. യേശു1വിന്റെ

ജീവിതത്തെക്കുറിച്ചുള്ള ഒരു വർഷം നീണ്ട പഠനം ചുരുങ്ങിയതു ഒരു തുടക്കമാണ്.

ഇതേ പ്രത്യേക പദ്ധതി നിങ്ങൾ ഉപയോഗിച്ചാലും ഇല്ലെങ്കി ലും, ഈ ലക്കവും അടുത്ത ലക്കവും ''യജമാനനെ കണ്ടെത്തുവാൻ'' നിങ്ങളെ നിങ്ങളുടെ ക്ലാസ്സുകളിലൂടെയും പ്രസംഗത്തിലൂടെയും സഹായിക്കും എന്നാണ് ഞങ്ങളുടെ പ്രത്യാശ. ഈ പാഠ്യപദ്ധതി നിങ്ങൾക്കു സഹായകമായെങ്കിൽ, ഞങ്ങളെ അറിയിക്കുക.

ഡേവിഡ് റോപ്പർ, സഹ: പ്രസാധകൻ, റ്റി/റ്റി

---

കുറിപ്പ്

[1]ജെ.ഡബ്ല്യിയു. മെക് ഗാർവെയും ഫിലിപ്പ്. വൈ. പെന്റ്ലെറ്റൻ, *ദി ഫോർഫോൾഡ് ഗോസ്പെൽ* (സിൻസിനേറ്റി, ഒഹിയോ: ദി സ്റ്റാൻഡേർഡ് പബ്ലിഷിംഗ് കമ്പനി., എൻ.ഡി.).